**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.കെ. അബ്ദുൾ ലത്തീഫ് സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2709/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 04.08.2017

==============================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 04.11.2016-ലെ ഡി4-29966/2015 നമ്പർ നടപടിക്രമം

2. ശ്രീ. പി.കെ. അബ്ദുൾ ലത്തീഫ്, മുൻ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 19.11.2016-ന് സമർപ്പിച്ച അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 17.01.2017-ലെ ഡി4-29966/2015 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) വിഭാഗം നടത്തിയ പരിശോധനയിൽ ശ്രീ. മുസ്തഫ, ചെല്ലത്ത് ഹൗസ് എന്നവരുടെ ഉടമസ്ഥതയിൽ കെ.പി.ബി.ആർ. 2011 ചട്ടങ്ങൾ ലംഘിച്ച പണിത മൂന്ന് നില കെട്ടിടത്തിന് റഗുലറൈസേഷൻ നൽകിയതായി കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ. പി.കെ. അബ്ദുൾ ലത്തീഫിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുകയുണ്ടായി. പ്രസ്തുത നടപടിയിന്മേൽ ശ്രീ. പി.കെ. അബ്ദുൾ ലത്തീഫ് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ നേരിൽ കേൾക്കണമെന്ന ടിയാന്റെ അഭ്യർത്ഥന പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേട്ടു.

ശ്രീ. പി.കെ. അബ്ദുൾ ലത്തീഫിന് എതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിൽ ടിയാൻ ചുവടെ പറയുന്ന ചട്ടങ്ങൾ ലംഘിച്ചതായാണ് കാണുന്നത്.

1. മൂന്നാം നില പണിതത് കെ.പി.ബി.ആർ. ചട്ടം 4(2), ചട്ടം 7(1) എന്നിവ ലംഘിച്ചുകൊണ്ട് അനധികൃതമായാണ്.
2. ചട്ടം 56(6) പ്രകാരമുള്ള സാനിട്ടേഷൻ സൗകര്യങ്ങളോ ചട്ടം 58 (12) പ്രകാരമുള്ള അഗ്നിശമന സേനയിൽ നിന്നുള്ള അംഗീകാരമോ, ചട്ടം 47 പ്രകാരമുള്ള ഫയൽ എസ്കേപ്പ് സ്റ്റയറോ ഇല്ല.
3. ചട്ടം 104 പ്രകാരം ശാരീരിക അവശതയുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ഇല്ല
4. ചട്ടം 27(5), 27(8), 28(1) എന്നിവ പ്രകാരമുള്ള തുറസ്സായ സ്ഥലങ്ങളും സെറ്റ്ബാക്കുമില്ല

മേൽ ചട്ടലംഘനങ്ങൾ സംബന്ധിച്ച് ശ്രീ. പി.കെ. അബ്ദുൾ ലത്തീഫ് സമർപ്പിച്ച മറുപടിയിൽ പാർക്കിംഗ് സൗകര്യവും കയറ്റിറക്കുന്നതിനാവശ്യമായ സ്ഥലവും ഫയർ എസ്കേപ്പ് സ്റ്റയർ കേസ്,

ടോയിലറ്റ് സൗകര്യം, സെറ്റ്ബാക്ക് എന്നിവ ഉണ്ടായിരുന്നുവെന്ന് പ്രതിപാദിച്ചിട്ടുണ്ടായിരുന്നു എങ്കിലും പഞ്ചായത്ത് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ ഇതൊന്നുംതന്നെ ഇല്ലായിരുന്നുവെന്നാണ് പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ ടിയാൻ നൽകിയ മറുപടിയിൽതന്നെ അപേക്ഷകന് ഫയർ എൻ.ഒ.സി. ഇല്ലായിരുന്നുവെന്നും വാണിജ്യാവശ്യങ്ങൾക്കായി പണിയുന്ന മൂന്ന് നില കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി. ആവശ്യമാണ് എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ ഫയർ എൻ.ഒ.സി. ഇല്ലാതെ കെട്ടിടം റഗുലറൈസ് ചെയ്തുനൽകിയ സെക്രട്ടറിയുടെ നടപടി ഗുരുതരമായ ചട്ടലംഘനമായാണ് അറിയിച്ചിട്ടുള്ളത്. നേരിൽ കേട്ടവേളയിൽ ഓവർസീയർ നൽകിയ ശുപാർശ പ്രകാരമാണ് ചെയ്തത് എന്നും എന്നാൽ പിന്നീട് ഓവർസീയർ മേൽ ശുപാർശ തെറ്റായിരുന്നുവെന്ന് അറിയിച്ചുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം നിലയ്ക്ക് കെട്ടിട നമ്പർ നൽകിയ മറുപടി റദ്ദാക്കിയെന്നും അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം നേരിൽ കേട്ട വേളയിൽ ടിയാൻ സമർപ്പിച്ച വാദങ്ങളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കെട്ടിട നമ്പർ നൽകുന്ന അവസരത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ വിശദമായി പരിശോധിച്ച ശേഷം മാത്രമേ കെട്ടിട നമ്പർ നൽകുവാൻ പാടുള്ളൂ എന്ന വിവരം പഞ്ചായത്ത് സെക്രട്ടറിമാർ അറിയേണ്ട വസ്തുതയാണ്. ആയതിനാൽ അത് അറിയാതെയാണ് കെട്ടിട നമ്പർ നൽകിയത് എന്നനുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ വാദം അംഗീകരിക്കത്തക്കതല്ല. നേരിൽ കേട്ട വേളയിലും ടിയാന് ആയതിന്മേൽ വ്യക്തമായ മറുപടി നൽകുവാൻ സാധിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിയിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് ഡയറക്ടർ ശ്രീ. പി.കെ. അബ്ദുൾ ലത്തീഫിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയ്ക്കെതിരെ ടിയാൻ സമർപ്പിച്ച പരാമർശം (1) ലെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. പി.കെ. അബ്ദുൾ ലത്തീഫ്, മുൻ സെക്രട്ടറി, കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.1312386/ഇപിബി3/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ